## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5** **26.9.2011 ന് മറുപടിയ്ക്ക്**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ചോദ്യം

പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ. എ.പ്രദീപ്കുമാർ
„ കെ.കെ.നാരായണൻ
„ കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

ഉത്തരം

ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് സാധാരണ ജനജീവിതത്തെ ബാധിക്കുന്നുണ്ട്. |
| (ബി)സാധനങ്ങളുടെ വിലക്കയറ്റത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണ്; | (ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്ക് വേണ്ടി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. അവശ്യസാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന ദൗർലഭ്യം, ഇന്ധനവില വർദ്ധനവ്, സ്വകാര്യ സംരംഭകർ സൃഷ്ടിക്കുന്ന കൃത്രിമക്ഷാമം, പണപ്പെരുപ്പം എന്നിങ്ങനെ ഒട്ടനവധി കാരണങ്ങൾ വിലക്കയറ്റത്തിനിടയാക്കുന്നുണ്ട്. |
| (സി) വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായുള്ള സംവിധാനങ്ങളുടെ പരാജയ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ സ്ഥാപനങ്ങളുടെ മൂലധനശേഷിയും അത് വർദ്ധിപ്പിക്കുന്നതിന് പുതുതായി നൽകിയ സഹായങ്ങളും വിശദമാക്കുമോ ? | (ഡി) ബാധകമല്ല. |
| | സെക്ഷൻ ഓഫീസർ |